## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*200 — 12.06.2018-ൽ മറുപടിയ്ക്ക്

### ലോട്ടറി വകുപ്പിന്റെ ജൂബിലിയോടനുബന്ധിച്ച് നവീന പദ്ധതി

| ചോദ്യം<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.കാരാട്ട് റസാഖ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ലോട്ടറി വകുപ്പിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് എന്തെല്ലാം നവീന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | (എ) | എല്ലാ നറുക്കെടുപ്പുകളും ടെലിവിഷൻ ചാനലുകൾ വഴി തത്സമയം സംപ്രേക്ഷണം ചെയ്യുവാനും, കുടുംബശ്രീ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് സംസ്ഥാനത്തെ പ്രധാന കാത്തിരിപ്പ് കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് സ്ത്രീസൗഹൃദ ശൗചാലയങ്ങൾ നിർമ്മിച്ച് പരിപാലിക്കു വാനും തീരുമാനിച്ചിട്ടുണ്ട്.<br>തിരുവോണംബമ്പർ 2017, ക്രിസ്തുമസ് ന്യൂഇയർ ബമ്പർ 2017-18 എന്നീ ബമ്പർ ഭാഗ്യക്കുറികളുടെ പേര് യഥാക്രമം സുവർണ ജൂബിലി തിരുവോണം ബമ്പർ 2017, സുവർണ ജൂബിലി ക്രിസ്തുമസ് ന്യൂ ഇയർ ബമ്പർ 2017-18 എന്നിങ്ങനെ പുനർ നാമകരണം ചെയ്തിരുന്നു. |
| (ബി) | എല്ലാ ടിക്കറ്റുകളുടെയും മുഖവില ഏകീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | 50/-രൂപ മുഖവിലയുള്ള പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവില 30/-രൂപയാക്കി കുറച്ചു കൊണ്ട് എല്ലാ പ്രതിവാര ഭാഗ്യക്കുറികളു ടേയും മുഖവില 2017 ജൂൺ ആദ്യവാരത്തെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം 30/-രൂപയാക്കി ഏകീകരിച്ചിരുന്നു.<br>സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികൾക്ക് 01.07.17 മുതൽ 12%GST ഏർപ്പെടുത്തിയതിനെ തുടർന്ന് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും മുഖവില 26.8 രൂപയാക്കി നിജപ്പെടുത്തി, ഇതിന്റെ 12% GST കൂടി ചേർത്ത് പരമാവധി വിൽപ്പനവില 30 രൂപയാക്കി 15.7.17 ലെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരുത്തി സമ്മാനഘടന പരിഷ്കരിച്ചിരുന്നു.<br>ചെറിയസമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിക്കൊണ്ട് 2018 മേയ് ആദ്യവാരത്തെ നറുക്കെടുപ്പുകൾ മുതൽ പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാന ഘടനകൾ വീണ്ടും പരിഷ്കരിച്ചിരുന്നു. കാരുണ്യ, കാരുണ്യപ്ലസ് ഭാഗ്യക്കുറികളുടെ പരമാവധി |

| | | | |
|---|---|---|---|
| | | | വിൽപ്പന വില 40/-രൂപയാക്കിക്കൊണ്ടും (മുഖവില 35.72+12%GST) മറ്റ് പ്രതിവാര ഭാഗ്യക്കുറികളുടെ MRP പഴയ രീതിയിൽ (MRP Rs.30/- face value26.8+12%GST) നിലനിർത്തിയുമാണ് സമ്മാന ഘടനകൾ പരിഷ്കരിച്ചത്.<br>മുഖവിലയിൽ വ്യത്യാസം വരുത്താതെ പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാന ഘടനകൾ 15.7.18 തീയതിയിലെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സമ്മാനത്തുകയിൽ എത്ര ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളത്; | (സി) | എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടേയും അറ്റാദായത്തിൽ 5% കുറവ് വരുത്തി പ്രസ്തുത തുക കൂടി സമ്മാനയിനത്തിൽ വർദ്ധനവ് വരുത്തിക്കൊണ്ട് 2017 ജൂൺ മാസത്തെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരുത്തി, സമ്മാന ഘടനകൾ പരിഷ്കരിച്ചിട്ടുണ്ട്. നിലവിൽ പ്രതിവാര ഭാഗ്യക്കുറികൾക്ക് 51 ശതമാനത്തിലധികം തുക സമ്മാനയിനത്തിൽ നൽകുന്നുണ്ട്. |
| (ഡി) | ലോട്ടറിയിൽ നിന്നുള്ള വരുമാനം പൂർണ്ണമായും സാമൂഹ്യക്ഷേമത്തിനായി വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; | (ഡി) | ലോട്ടറിയിൽ നിന്നുള്ള വരുമാനം സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിയ്ക്കായി വിനിയോഗിയ്ക്കും എന്ന് 2018-19 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ഇ) | വ്യാജലോട്ടറി തടയുന്നതിനായി ഏതെല്ലാം സുരക്ഷാ സംവിധാനങ്ങളാണ് ലോട്ടറി ടിക്കറ്റിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഇ) | വ്യാജ ലോട്ടറി തടയുന്നതിനായി നിലവിൽ Guilloche Pattern, Relief Pattern, Opaque text Pattern, Micro letter Pattern, Invert microline, Void Pandograph, Linear barcode, Secret Code എന്നീ 8 സുരക്ഷാ സംവിധാനങ്ങൾ ലോട്ടറി ടിക്കറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ